പതിമൂന്നാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 2903.

20.03.2015 ൽ മറുപടിക്ക്

## പാചകവാതക വിതരണം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.കെ.ശിവദാസൻ നായർ :** | **ശ്രീ. അനൂപ് ജേക്കബ്**<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| (എ) പാചകവാതക വിതരണം നടത്തുന്ന ഏജൻസികൾ പുതുതായി ഗ്യാസ് കറ്റി വാങ്ങുന്നവരിൽനിന്നും നിർബന്ധമായി മറ്റ് വീട്ടുപകരണങ്ങൾ കൂടി വാങ്ങിപ്പിക്കുന്നത് തടയാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ ; | (എ) പുതുതായി ഗ്യാസ് കറ്റി വാങ്ങുന്നവർ മറ്റ് വീട്ടുപകരണങ്ങൾ കൂടി വാങ്ങണമെന്ന് നിർബന്ധമില്ലായെന്നും ഇതുസംബന്ധിച്ച എം.ആർ.റ്റി.പി.സി വിജ്ഞാപനം എല്ലാ ഏജൻസികളും പ്രദർശിപ്പിച്ചിട്ടുണ്ട് എന്നും, വീട്ടുപകരണങ്ങൾ വാങ്ങാൻ ഉപഭോക്താക്കളെ നിർബന്ധിക്കരുത് എന്ന നിർദ്ദേശം ഏജൻസികൾക്ക് നല്കിയിട്ടുണ്ട് എന്നും എണ്ണക്കമ്പനികളുടെ സംസ്ഥാനതല കോ-ഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്. |
| (ബി) പാചകവാതക വിതരണം സുഗമമായി നടത്തുന്നതിന് സ്വീകരിച്ചിട്ടുള്ള മാർഗ്ഗങ്ങൾ ചുരുക്കി പറയാമോ ? | (ബി) എൽ.പി.ജി. യുടെ ട്രാൻസ്പോർട്ടേഷനും വിതരണവും കേരള എസൻഷ്യൽ സർവ്വീസസ് മെയ്ന്റനൻസ് ആക്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ എൽ.പി.ജി. ബോട്ടിലിംഗ് പ്ലാന്റുകളുടെ പ്രവർത്തനത്തിലുള്ള പ്രശ്നങ്ങൾക്ക് അടിയന്തരമായി പരിഹാരം കാണുവാനും ആവശ്യാനുസൃതമായി സിലിണ്ടറുകൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുവാനും നടപടികൾ സ്വീകരിക്കണമെന്ന് എണ്ണക്കമ്പനികളുടെ സംസ്ഥാനതല കോ-ഓർഡിനേറ്ററോട് ആവശ്യപ്പെട്ടിട്ടുണ്ട്. പാചകവാതക വിതരണത്തിലെ അപാകതകൾ പരിഹരിക്കുന്നതിനായി ഗ്യാസ് ഏജൻസി തലത്തിൽ സോഷ്യൽ മോണിറ്ററിംഗ് സമിതികൾ പ്രവർത്തിക്കുന്നുണ്ട്. ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ഓപ്പൺ ഫോറങ്ങളും, പരാതിപരിഹാര അദാലത്തുകളും സംഘടിപ്പിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ